# NAIR SERVICE SOCIETY

HEAD OFFICE : PERUNNAI
CHANGANACHERRY, KERALA - 686 102

EPABX Nos. : 0481 - 2422008, 2420604
2420657, 2420780
2420941, 2401577

Website : www.nss.org.in
Email : nssgs@yahoo.com, nssgnl@gmail.com
Fax No. : 0481 2401588

No. : ..........................                                                Date : 14.11.2020

**എല്ലാ താലൂക്ക് യൂണിയൻ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും**

വിഷയം : മണ്ഡല-മകരവിളക്കുകാലത്തെ വ്രതാനുഷ്ഠാനം സംബന്ധിച്ച്

കാലദേശവ്യത്യാസമില്ലാതെ, ഹൈന്ദവർ അവരുടെ വിശ്വാസം സംരക്ഷിക്കുന്നതിനും ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തുന്നതിനും വേണ്ടി, മണ്ഡല-മകരവിളക്കു കാലം ശുദ്ധവൃത്തിയോടുകൂടി വ്രതം അനുഷ്ഠിക്കുക പതിവാണ്. ഈ കാലഘട്ടത്തിൽ ക്ഷേത്രദർശനം പതിവാക്കുന്നവരുമുണ്ട്. കോവിഡ് നിബന്ധനകൾ നിമിത്തം ക്ഷേത്ര ദർശനം നിയന്ത്രിതമായിരിക്കുന്ന ഈ സാഹചര്യത്തിലും കോവിഡ് നിബന്ധനകൾ പാലിച്ചുകൊണ്ടുതന്നെ നമ്മുടെ ക്ഷേത്രങ്ങളും വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കേണ്ട ബാദ്ധ്യത മറ്റു മതസ്ഥരെപ്പോലെതന്നെ ഹൈന്ദവർക്കുമുണ്ട്. വ്രതത്തോടൊപ്പം യഥാവിധി ക്ഷേത്രദർശനം നടത്തുന്നതിന് സാഹചര്യം ഇല്ലാത്ത പക്ഷം, സ്വഭവനങ്ങൾ ശുദ്ധവൃത്തിയോടുകൂടി സൂക്ഷിച്ച്, നാം ആരാധിക്കുന്ന മൂർത്തികളെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് പ്രാർത്ഥനാനിരതമായിരിക്കുവാൻ ഈ കാലയളവ് ഉപയോഗപ്പെടുത്തേണ്ടതാണ്. എങ്കിൽമാത്രമേ നാം ഇതുവരെ സംരക്ഷിച്ചുപോന്നിരുന്ന വിശ്വാസങ്ങളും ആചാരങ്ങളും തുടർന്നും നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. ഏതൊരു ഈശ്വരവിശ്വാസിക്കും ഇത് അത്യന്താപേക്ഷിതമാണ്. മറ്റു മതങ്ങൾക്കുള്ളതുപോലെ, മണ്ഡല-മകരവിളക്കുകാലം ഹൈന്ദവഈശ്വരവിശ്വാസികളുടെ വ്രതാനുഷ്ഠാനകാലമായി അംഗീകരിക്കാൻ ഇടവരട്ടെ.

ഈ സന്ദേശം നമ്മുടെ സംഘടനാതലങ്ങളിൽ എത്തിക്കുവാൻ ആവശ്യമായ നടപടികൾ യൂണിയൻ-കരയോഗതലങ്ങളിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി

പകർപ്പ് : കരയോഗം രജിസ്ട്രാർ, എൻ.എസ്.എസ്.